THIRUVANANTHAPURAM

# ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ

രാജ് ഭവന് എതിർ വശം, വെള്ളയമ്പലം,
കവടിയാർ പി.ഒ, തിരുവനന്തപുരം - 695003
ഫോൺ: 0471 - 2313606
ഇ-മെയിൽ: info@vasantholsavamkerala.org

---

## വസന്തോത്സവം 2019

## വ്യാപാര സംബന്ധമായ സ്റ്റാളുകൾ അനുവദിയ്ക്കുന്നത് സംബന്ധിച്ച്

സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2019 ജനുവരി 11 മുതൽ 20 വരെ തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന **വസന്തോത്സവം-2019** ന്റെ ഭാഗമായി അനുവദിയ്ക്കുന്ന വ്യാപാര സംബന്ധമായ സ്റ്റാളുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു.

**നിബന്ധനകളും വ്യവസ്ഥകളും**

1. 3mx3m ആയിരിക്കും ഒരു സ്റ്റാളിന്റെ വലിപ്പം.
2. സ്റ്റാൾ വാടക രൂപ 50,000/- (ഒരു സ്റ്റാളിന് അൻപതിനായിരം മാത്രം)ആയിരിക്കും.
3. അഗ്രി-ഹോർട്ടി സംബന്ധമായ സ്റ്റാളുകൾക്കാവും മുൻഗണന. നറുക്കെടുപ്പിലൂടെയാവും സ്റ്റാളുകൾ അനുവദിയ്ക്കുക. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുവാനുള്ള അധികാരം കോർ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.
4. 2018 ഡിസംബർ 28 ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ കനകക്കുന്ന് കൊട്ടാരത്തിലെ ഫെസ്റ്റിവൽ ഓഫീസിൽ നിന്നും അപേക്ഷാഫോറം വിതരണം ചെയ്ത് തുടങ്ങുന്നതാണ്.
5. പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **2019 ജനുവരി 3 ന് വൈകുന്നേരം 3 മണിയ്ക്ക്** മുൻപായി ഫെസ്റ്റിവൽ ഓഫീസിൽ എത്തിച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
6. അഗ്രി-ഹോർട്ടിസംബന്ധമായ സ്റ്റാളുകൾ അനുവദിച്ച ശേഷം മിച്ചമുള്ള സ്റ്റാളുകൾ മറ്റ് വ്യാപാരാവശ്യങ്ങൾക്കായി അനുവദിയ്ക്കുന്നതാണ്. ഇതും നറുക്കെടുപ്പിലൂടെയാവും അനുവദിയ്ക്കുക.
7. അപേക്ഷയോടൊപ്പം ജനറൽ കൺവീനർ, വസന്തോത്സവം എന്ന പേരിൽ എടുത്ത 50,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഉൾക്കൊള്ളിച്ചിരിക്കണം.
8. ഒന്നിൽ കൂടുതൽ സ്റ്റാളുകൾ ഒരുമിച്ച് ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

9. അപേക്ഷാ ഫോമിന് രൂപ 100/- ആയിരിക്കും.
10. രണ്ട് മേശകൾ, രണ്ട് കസേരകൾ, ഒരു 5 ആമ്പിയർ പ്ലഗ്ഗ് പോയിന്റ്, 2 ട്യൂബ് ലൈറ്റുകൾ എന്നിവ ഓരോ സ്റ്റാളിനും നൽകുന്നതായിരിക്കും.
11. അധികം വേണ്ടി വരുന്ന പ്ലഗ്ഗ് പോയിന്റുകൾ (5A/16A) , മറ്റ് അവശ്യ സാധനങ്ങൾ എന്നിവയ്ക്ക് കോർ കമ്മിറ്റി നിശ്ചയിക്കുന്ന തുക അടയ്ക്കേണ്ടതാണ്.
12. **2019 ജനുവരി 5 ന് രാവിലെ 11 മണിക്ക്** കനകക്കുന്ന് ഫെസ്റ്റിവൽ ഓഫീസിൽ വച്ച് നറുക്കെടുപ്പ് നടത്തുന്നതും സ്റ്റാളുകൾ അനുവദിക്കുന്നതുമാണ്.
13. സംഘാടകർ നിർദ്ദേശിക്കുന്ന വിധം എല്ലാ സ്റ്റാളുകളും **'ഗ്രീൻ പ്രോട്ടോക്കോൾ'** നിർബന്ധമായും പാലിയ്ക്കേണ്ടതാണ്.
14. മേളയുടെ മൊത്തം പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ്, ഫയർ ഇൻഷുറൻസ് എന്നിവ സംഘാടകർ എടുക്കുന്നതായിരിക്കും. എന്നാൽ ഓരോ സ്റ്റാളുകളുടേയും സ്റ്റോക്കിന് പ്രത്യേക ഇൻഷുറൻസ് ആവശ്യമെങ്കിൽ എടുക്കേണ്ട ബാധ്യത സ്റ്റാൾ എടുക്കുന്ന വ്യക്തിയിൽ/സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.
15. സ്റ്റാളിന് വ്യാപാരസംബന്ധമായ ഏതെങ്കിലും ലൈസൻസ് എടുക്കേണ്ടതുണ്ടെങ്കിൽ സ്റ്റാൾ എടുക്കുന്ന വ്യക്തി/സ്ഥാപനം സ്വന്തം ഉത്തരവാദിത്തത്തിൽ എടുത്തിരിയ്ക്കേണ്ടതാണ്. സ്റ്റാളുകളിൽ വിൽക്കുന്ന സാധന സാമഗ്രികളുടെ പൂർണ്ണ ഉത്തരവാദിത്തം സ്റ്റാൾ അനുവദിയ്ക്കപ്പെട്ട വ്യക്തി/സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.
16. സ്റ്റാളുകൾ അനുവദിയ്ക്കുന്നത് സംബന്ധിച്ച അന്തിമതീരുമാനം ജനറൽ കൺവീനറിൽ നിക്ഷിപ്തമായിരിക്കും. യാതൊരു കാരണവും കൂടാതെ അപേക്ഷകൾ നിരസിയ്ക്കുന്നതിനുള്ള അധികാരം ജനറൽ കൺവീനർക്കുണ്ടായിരിക്കും.
17. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 0471-2315397, 9846051594, 0471-2313606

ചീഫ് കോർഡിനേറ്റർ &
ഡി.റ്റി.പി.സി.സെക്രട്ടറി
വസന്തോത്സവം -2019
ജനറൽ കൺവീനർക്കുവേണ്ടി

28.12.2018

# വസന്തോത്സവം 2019

## വ്യാപാര സംബന്ധമായ സ്റ്റാളുകളുടെ അപേക്ഷ

1. പേര് :

2. മേൽവിലാസം
   (ടെലഫോൺ,മൊബൈൽ,ഇ-മെയിൽ
   ഉൾപ്പെടെ) :

3. ഐഡി നമ്പർ
   (ഏത് ഐഡി എന്ന് വ്യക്തമാക്കുക) :

4. ഏത് ഇനമാണ് വിൽക്കുവാൻ
   ഉദ്ദേശിക്കുന്നത് : അഗ്രി-ഹോർട്ടി/ മറ്റുള്ളവ

5. അഗ്രി-ഹോർട്ടി എങ്കിൽ
   എന്തൊക്കെയാണെന്ന് വ്യക്തമാക്കുക :

6. മറ്റുള്ളവ ആണെങ്കിൽ എന്തൊക്കെ
   എന്ന് വ്യക്തമാക്കുക ;

7. ഡി.ഡി.നമ്പർ, തീയതി, തുക,
   ബാങ്കിന്റെ വിശദവിവരങ്ങൾ :

മേൽ നൽകിയിട്ടുള്ള വിവരങ്ങളെല്ലാം സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് സംബന്ധിച്ച എല്ലാ നിബന്ധനകളും ഞാൻ പാലിയ്ക്കുന്നതാണെന്ന് ഉറപ്പും തരുന്നു.

വിശ്വസ്തതയോടെ,

സ്ഥലം: പേര് :

തീയതി: ഒപ്പ് :